ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ എടുത്തുവരുന്നത്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി അവയോടനുബന്ധിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എൻ.ആർ.എച്ച്.എം. മുഖേന സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൈമറി ഹെൽത്ത് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമികാരോഗ്യ മേഖല ശക്തിപ്പെടുത്താൻ ആരോഗ്യ വകുപ്പ് മുഖേനയും ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ വഴിയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു പ്രാഥമികാരോഗ്യകേന്ദ്രമെങ്കിലും ഉണ്ടായിരിക്കണമെന്ന ലക്ഷ്യത്തോടെ 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളില്ലാത്ത 24 പഞ്ചായത്തുകളിൽ പുതുതായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളും 69 അർബൻ പി.എച്ച്.സി.കളും സ്ഥാപിച്ചു. സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും ലഭ്യമാകുന്ന തരത്തിൽ പ്രസ്തുത സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേണും ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങളും പുനർനിർണ്ണയിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 26 സ്ഥാപനങ്ങളുടെ പദവി ഉയർത്തുകയും 2246 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും എൻ.എച്ച്.എം. മുഖേനയും എം.എൽ.എ., എം.പി. എന്നിവരുടെ ആസ്തി വികസന ഫണ്ട് മുഖേനയും ഈ സ്ഥാപനങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ക്ലിനിക്കൽ ലബോറട്ടറികൾ

7 (*517) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ക്ലിനിക്കൽ ലബോറട്ടറികളിൽ യോഗ്യരായ ടെക്നീഷ്യൻമാരെ നിയമിക്കാത്തതുമൂലം കൃത്യതയില്ലാത്ത പരിശോധനാഫലം ലഭിക്കുന്നതിലൂടെ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും പുതുതായി ആരംഭിച്ച എച്ച്.എം.സി. ലാബുകളിലും യോഗ്യതയുള്ള ലബോറട്ടറി ടെക്നീഷ്യൻമാരെ പി.എസ്.സി. വഴി നിയമപരമായ, കൃത്യതയാർന്ന

LIBRARY ARCHIVES Kerala Legislative Assembly

ഇന്റർവ്യൂ നടത്തിയാണ് നിയമിച്ചിട്ടുള്ളത്. ആയതിനാൽ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിൽ തെറ്റായ പരിശോധനാ ഫലം ലഭിക്കുന്നതായും അതിലൂടെ രോഗികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായുമുള്ള പരാതി ഇതുവരെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികളിൽ ജോലി നോക്കുന്ന ലബോറട്ടറി ടെക്നീഷ്യൻമാർ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുണ്ടോയെന്ന് സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ ടീമുകൾ പരിശോധന നടത്തി യോഗ്യതയില്ലാത്ത ടെക്നീഷ്യന്മാർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നിഷേധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

8 (*518) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി വനിതാ കമ്മീഷന്റെയും വനിതാ സംഘടനകളുടെയും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ടോ ;

(ബി) സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിന് വിവിധ തലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തന ലക്ഷ്യം എന്തെല്ലാമായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന നിർദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ കമ്മിറ്റികളുടെ പ്രവർത്തനം എന്തായിരിക്കുമെന്ന് വിശദമാക്കുമോ ;

(ഡി) കമ്മിറ്റി രൂപീകരണത്തിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എത്രത്തോളം കുറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly